**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3873** **28-06-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന മന്ത്രിസഭ ഒന്നാകെ ജനമധ്യത്തിലേയ്ക്ക് ഇറങ്ങിചെല്ലുകയും അവരുമായി സംവദിക്കുകയും ചെയ്യതിലൂടെ നവകേരള സദസ്സ് ഒരു ചരിത്രസംഭവമായി മാറിയതായി വിലയിരുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുഴുവൻ മന്ത്രിമാരും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇതിന്റെ ഭാഗമായി പര്യടനം നടത്തി. നിയോജക മണ്ഡല അടിസ്ഥാനത്തിൽ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സ്വാതന്ത്ര്യ സമര സേനാനികളും സാഹിത്യനായകൻമാരും നിയമജ്ഞരും കലാ-കായിക താരങ്ങളും കർഷകരും തൊഴിലാളികളും തദ്ദേശീയ ജനതയുടെ പ്രതിനിധികളും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ജനങ്ങളുടെ വിവിധങ്ങളായ നിർദ്ദേശങ്ങളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും സദസ്സ് വേദിയായി. നാടിന്റെ ആവശ്യങ്ങളും സർക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതിനുള്ള വേദി കൂടിയായിരുന്നു ഈ പരിപാടി. ഇതിലൂടെ ജനാധിപത്യ ഭരണ നിർവ്വഹണ ചരിത്രത്തിലെ അത്യപൂർവ അദ്ധ്യായമായി നവകേരള സദസ്സ് മാറി. |
| (ബി) | നവകേരള സദസുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആശയങ്ങൾ പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; | (ബി) | വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന നടന്നുവരുന്നു. |
| (സി) | എങ്കിൽ അവയിൽ നൂതനമായ ഏതെങ്കിലും ആശയങ്ങൾ നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | (സി) | വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന നടന്നുവരുന്നു. |
| (ഡി) | വ്യത്യസ്തവും അതിനൂതനവുമായ ആശയങ്ങളും മറ്റും നവകേരള നിർമ്മാണത്തിന് പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ? | (ഡി) | വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ